(ബി) ഇതിന്റെ പണികൾ പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആ നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) പണിയുടെ ബാക്കിഭാഗം കരാർ വ്യവസ്ഥയിൽ ചെയ്യുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച കരാർ ഉടനടി വയ്പ്പിച്ചു പണി തുടങ്ങുന്നതിനു വേണ്ട മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജല-മലിന ജല അതോറിറ്റി

122 [327] ശ്രീ. പി. സീതിഹാജി:
,, എം. പി. എം. ഇസഹാക്ക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക്, ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജനങ്ങൾക്ക് ഒരു ദിവസത്തേക്ക് എത്ര ലിറ്റർ ശുദ്ധജലമാണ് വേണ്ടതെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ ജല-മലിനജല അതോറിറ്റി പൈപ്പ് കണക്ഷൻ വഴി എത്രമാത്രം ശുദ്ധജലം വിതരണം ചെയ്യുന്നു;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ ആണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സമൃദ്ധമായ വിതരണത്തിന് ഏകദേശം 200 മില്ല്യൺ ലിറ്റർ ജലം ആവശ്യമാണ്.

(ബി ആൻഡ് സി) വിവരം ശേഖരിച്ചു വരുന്നു.

ശുദ്ധജലം വിതരണം ചെയ്തതിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

123 [328] ശ്രീ. പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലം വിതരണം ചെയ്തതിൽ 1985 മാർച്ച് മാസം 31 വരെ എത്ര ലക്ഷം രൂപയാണ് കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ളത്;

(ബി) ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly